**ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത**

**ഇടയലേഖനം 4**

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ
മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും
സന്യാസിനീസന്യാസികൾക്കും ദൈവജനത്തിനും എഴുതുന്നത്.

## നാം അന്വേഷിക്കുന്ന സന്തോഷത്തിന് ഒരു പേരും മുഖവുണ്ട്; അത് 'നസ്രായനായ ഈശോ' യാണ്

നമ്മുടെ കർത്താവും നമ്മുടെ ദൈവവുമായ ഈശോ മിശിഹായുടെ തിരുവുത്ഥാനം ആഘോഷിക്കുന്ന ഞായറാഴ്ച ആരാധനക്രമ വത്സരമനുസരിച്ച് നമ്മൾ ഉയർപ്പുകാലത്തിലേക്ക് പ്രവേശിക്കുന്നു. ഉത്ഥാനം ചെയ്ത ഈശോ ചോദിക്കുന്ന ആദ്യ ചോദ്യം 'സ്ത്രീയേ എന്തിനാണ് നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്?' (യോഹന്നാൻ 20:15) എന്നാണ്. കരയുന്ന ഓരോരുത്തരുടെയും കണ്ണുനീർ തുടയ്ക്കുവാനും സ്നേഹിക്കുവാൻ ആരുമില്ലന്ന് കരുതി വിലപിക്കുന്ന ഓരോരുത്തരേയും സ്നേഹിക്കുവാനുമാണ് പിതാവായ ദൈവം നസ്രായനായ ഈശോയെ ഉയർപ്പിച്ചത്.

പോപ്പ് എമരിറ്റസ് ബനഡിക്റ്റ് പതിനാറാമൻ യുവജനങ്ങളോടായി പറഞ്ഞു: "നിങ്ങൾ അന്വേഷിക്കുന്നതും നിങ്ങൾക്ക് അനുഭവിക്കുവാൻ അവകാശമുള്ളതുമായ സന്തോഷത്തിന്, ഒരു പേരും മുഖവുമുണ്ട്. അത് വിശുദ്ധ കുർബാനയിൽ മറഞ്ഞിരിക്കുന്ന നസ്രായനായ ഈശോയാണ്. അവൻ മാത്രമാണ് മനുഷ്യവംശത്തിന് ജീവന്റെ നിറവ് നല്കുന്നത്. മറിയത്തോടൊപ്പം നമുക്കും ദൈവത്തോട് നമ്മുടെ 'ആമ്മേൻ' പറയാം. എന്തെന്നാൽ തന്നെത്തന്നെ നമുക്കു നല്കുവാൻ അവൻ ആഗ്രഹിക്കുന്നു".

ഉയർപ്പുകാലത്തു നാം ചൊല്ലുന്ന ത്രികാലജപവും നമ്മെ ഓർമ്മപ്പെടുത്തുന്നത് അതുതന്നെയാണ്: "സ്വർല്ലോക രാജ്ഞി, ആനന്ദിച്ചാലും! ഹല്ലേലൂയ്യാ... എന്തെന്നാൽ കർത്താവ് സത്യമായി ഉയർത്തെഴുന്നേറ്റു! ഹല്ലേലൂയ്യാ... സർവ്വേശ്വരാ അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങ് തിരുമനസ്സായല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ അനുഗ്രഹം നൽകണമേ എന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു ആമ്മേൻ". മരണത്തെ അതിജീവിച്ച നസ്രായനായ ഈശോയ്ക്ക് സ്ഥലകാല പരിമിതികൾ ഇല്ലാതെ, ലോകത്ത് എവിടെയും എല്ലാ തലമുറകളിലുള്ളവരെയും ആനന്ദിപ്പിക്കുവാൻ സാധിക്കുന്നു. കാനായിലെ കല്യാണവിരുന്നിൽ 'എന്റെ സമയം ഇനിയും ആയിട്ടില്ല' (യോഹ 2:4) എന്നു തന്റെ അമ്മയായ മറിയത്തോടു പറഞ്ഞ ഈശോയുടെ 'സമയം' ഉത്ഥാനത്തിലൂടെയാണ് സമാഗതമായത്. ഈശോ മിശിഹാ തന്റെ വിടവാങ്ങൽ സന്ദേശത്തിൽ പറഞ്ഞിരുന്നതും അത് തന്നെയാണല്ലോ. "ഞാൻ വീണ്ടും നിങ്ങളെ കാണും, അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും, നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽ നിന്ന് എടുത്തുകളയുകയില്ല. നിങ്ങളുടെ സന്തോഷം പൂർണ്ണമാകുകയും ചെയ്യും"(യോഹ 16:22,24). ആർക്കും എടുത്തുമാറ്റാനാവാത്ത ആത്മീയ ആനന്ദത്തിന്റെ അനുഭവം നമുക്കു പ്രദാനം ചെയ്യുന്ന വിശ്വാസരഹസ്യമാണ് ഈശോമിശിഹായുടെ ഉത്ഥാനം.

'നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യ ഫലമായ' (1 കൊറി 15:20) ഈശോമിശിഹാ യാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനവും, പ്രത്യാശയുടെ കാരണവും, സ്നേഹ ത്തിന്റെ വിഷയവും, നമ്മുടെ ആനന്ദവും. ശിഷ്യരുടെ ദു:ഖത്തിന് കാരണം ഈശോ യുടെ സഹനവും, മരണവും, അതോടൊടൊപ്പം അവിടുത്തെ അസാന്നിദ്ധ്യവുമായി രുന്നു. എന്നാൽ ഉത്ഥാനംവഴി സംലഭ്യമായ 'പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും ലോകത്തിന്റെയും മേലുള്ള വിജയവും' ഉത്ഥിതനായ ഈശോയുടെ നിരന്തര സാന്നിദ്ധ്യവുമാണ് അവരുടെ എന്നേക്കും നിലനിൽക്കുന്ന ആനന്ദത്തിന് കാര ണമായത്. ഈശോയുടെ ഉത്ഥാനം നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രമാകയാൽ, ഉത്ഥാ നത്തിന്റെ ആനന്ദം വിശ്വാസത്തിന്റെ ആനന്ദമാണ്. നടപടി പുസ്തകത്തിൽ നാം കാണു ന്നതു പോലെ കർത്താവായ ഈശോയിൽ വിശ്വസിച്ചതു കൊണ്ട് കാരാഗൃഹ വാതിൽ കാവൽക്കാരനും കുടുംബാംഗങ്ങളും അത്യന്തം ആനന്ദിച്ചു (നട 16:34). പൗലോസ് ശ്ലീഹാ അവന് നല്കുന്ന ഉപദേശം 'കർത്താവായ ഈശോയിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും' എന്നാണ് (നട 16:31). കർത്താവായ ഈശോയിൽ വിശ്വസിക്കുന്നവന് ലഭിക്കുന്ന ആനന്ദം രക്ഷ കണ്ടെത്തിയതിന്റെയും അത് അനുഭവിച്ച തിന്റേയുമാണ്.

ദൈവമാതാവായ പരിശുദ്ധ കന്യാമറിയവും മാർ യൗസേപ്പിതാവും ഉണ്ണീശോയെ ജറു സലേം ദൈവാലയത്തിൽ സമർപ്പിക്കുവാനായി കൊണ്ടുവന്നപ്പോൾ പരിശുദ്ധ റൂഹാ യുടെ പ്രേരണയാൽ ദൈവാലയത്തിലേക്കുവന്ന നീതിമാനും ദൈവഭക്തനുമായ ശിമ യോൻ ഉണ്ണീശോയെ കൈയിലെടുത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ട് ഇപ്രകാരം പറ ഞ്ഞു: "സകല ജനപദങ്ങൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണു കൾ കണ്ടു കഴിഞ്ഞു"(ലൂക്കാ 2:31). പൗലോസ് ശ്ലീഹായിലൂടെ പരിശുദ്ധ റൂഹാ നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതു തന്നെയാണ്: "എപ്പോഴും സന്തോഷത്തോടെ ഇരിക്കുവിൻ, ഇതാണ് ഈശോ മിശിഹായിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം"(1 തെസ 5:16-17);'നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ' ഞാൻ വീണ്ടും പറ യുന്നു, നിങ്ങൾ സന്തോഷിക്കുവിൻ'(ഫിലി. 4:4). ഈശോ മിശിഹായെ സന്തോഷ ത്തിന്റെ തൈലം കൊണ്ടാണ് ദൈവം അഭിഷേകം ചെയ്തിരിക്കുന്നതെന്ന് ഹെബ്രായ ലേഖനകർത്താവ് അടിവരയിട്ടു പറയുന്നു. (ഹെബ്രാ 1:9).

ഇറ്റലിക്കാരനായ അനുഗ്രഹീത ധ്യാനഗുരു ഫാ. എർമസ് റോങ്കി ഇപ്രകാരം പറഞ്ഞു വെച്ചിരിക്കുന്നു. "ഈശോയിൽ വിശ്വസിക്കുന്നവർ എപ്പോഴും സന്തോഷമുള്ളവരായി രിക്കും". സന്തോഷമാണ് സത്യവിശ്വാസിയെ തിരിച്ചറിയാനുള്ള അടയാളം. നാലാം നൂറ്റാണ്ടിൽ അന്ത്യോക്യായിൽ ജീവിച്ചിരുന്ന സഭാപിതാവായ വിശുദ്ധ ക്രിസോസ്തം തന്റെ ഒരു ഈസ്റ്റർദിന വചനസന്ദേശത്തിൽ ദൈവജനത്തെ ക്ഷണിച്ചത് താഴെപ്പറയും വിധമാണ്: "എല്ലാവരും വന്ന് കർത്താവിന്റെ ആനന്ദത്തിലേക്ക് പ്രവേശിക്കുവിൻ.... ഒരു വൻ പോലും തന്റെ പാപത്തെക്കുറിച്ചു വിലപിക്കാതിരിക്കട്ടെ. കാരണം പാപപരിഹാരം കല്ലറയിൽനിന്നും തെളിഞ്ഞിരിക്കുന്നു. ആരും മരണത്തെ ഭയപ്പെടാതിരിക്കട്ടെ; കാരണം രക്ഷകന്റെ മരണം നമ്മെ സ്വതന്ത്രരാക്കിയിരിക്കുന്നു".

ഈശോയുടെ ഉത്ഥാനത്തിലൂടെയാണ് പരിശുദ്ധ കന്യാമറിയത്തിന് ലഭിച്ച മംഗ ളവാർത്ത പൂർണ്ണമാകുന്നത്. മറിയത്തിന്റെ സ്തോത്രഗീതം ഈശോയുടെ ഉത്ഥാന ത്തിന്റെ പ്രവചനവും മുന്നാസ്വാദനവുമാണ്: "എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവ ത്തിൽ ആനന്ദിക്കുന്നു. ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു." (ലൂക്കാ 1 :47, 49, 51). മനുഷ്യവംശ ത്തിന്റെ യഥാർത്ഥ പ്രതിനിധിയാണ് പരിശുദ്ധകന്യാമറിയം. പ്രത്യേകിച്ച് എപ്പോഴും സന്തോഷിക്കുവാനായി വിളിക്കപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനിയുടെ പ്രതീകം. ഈശോ യോട് മറിയത്തെപ്പോലെ 'ആമ്മേൻ' പറയുന്നവരുടെ അവകാശമാണ് ആനന്ദം.

സീറോ മലബാർ സഭയുടെ ആരാധനക്രമം, വിശിഷ്യാ, വിശുദ്ധ കുർബാന, നമ്മുടെ ആനന്ദം കർത്താവിലാണെന്ന് നിരന്തരം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. നമ്മുടെ റാസ ക്രമത്തിലെ മദ്ബഹാഗീതത്തിൽ നാം ഇപ്രകാരം ആലപിക്കുന്നു: "നാഥനിലെന്നും നമ്മുടെ ഹൃദയം ആനന്ദിച്ചീടും"(സങ്കീ 33:1, 21). നാലാം പ്രണാമജപത്തിൽ "ഈശോ മിശിഹായുടെ പെസഹാരഹസ്യത്തെ സന്തോഷത്തോടെ ഞങ്ങൾ സ്മരിക്കുകയും

സ്തുതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു" എന്നും അനാഫറയുടെ അവസാന ത്തിൽ "അങ്ങയുടെ അഭിഷിക്തന്റെ അമൂല്യരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ സന്തോഷത്തോടും പ്രത്യാശയോടും കൂടെ ഞങ്ങൾ അങ്ങേക്ക് കൃതജ്ഞത അർപ്പിക്കു കയും ചെയ്യുന്നു" എന്നും നമ്മൾ പ്രാർത്ഥിക്കുന്നു. സാധാരണ ദിവസത്തെ സപ്രാ (പ്രഭാത) പ്രാർത്ഥനയുടെ ഹൂത്താമ്മയിൽ 'നീതിമാൻമാർക്കു സന്തോഷം പ്രദാനം ചെയ്യണമേ' എന്നും റംശാ (സായാഹ്ന) പ്രാർത്ഥനയിൽ 'കർത്താവേ, നിന്റെ നില നിൽക്കുന്ന സ്നേഹവും സമാധാനവും ജ്ഞാനതൃഷ്ണയും ജീവനും സന്തോഷവും ഞങ്ങൾക്കു തരണമേ' എന്നും നാം പ്രാർത്ഥിക്കുന്നു.

"ഈശോ മിശിഹാ ഇന്നലെയും ഇന്നും എന്നും ഒരേയാൾ തന്നെയായതിനാൽ" (ഹെബ്രാ 13:8) ശ്ലീഹൻമാരും വിശുദ്ധരും സ്വന്തമാക്കിയ മിശിഹാനുഭവം നമുക്കും സ്വന്തമാക്കാൻ സാധിക്കണം. 'ഈശോ മരിച്ചുപോയെങ്കിലും ജീവിച്ചിരിക്കുന്നുവെന്ന്' (നട 25:19) പൗലോസ് ശ്ലീഹായെപ്പോലെ ജീവിതം വഴി സമർത്ഥിക്കുവാൻ നമുക്കും സാധിക്കണം. ദൈവസ്നേഹത്തിന്റെ മുഖം തന്നെയായ മിശിഹായുടെ ശരീരമായ തിരു സഭയിൽ, വിശിഷ്യ വിശുദ്ധ കുർബാനയിൽ, സജീവനായ ഈശോയെ കണ്ടുമുട്ടാൻ നമുക്കെല്ലാവർക്കും ഇടയാകട്ടെയെന്നും കർത്താവിന് ഹൃദയം കൊടുക്കുവാൻ നമ്മുക്ക് സാധിക്കട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുന്നു. പോപ്പ് എമരിറ്റസ് ബനഡിക്റ്റ് പതിനാറാ മൻ വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നു: "സുന്ദരവും മഹത്തായിട്ടുള്ളവയുമായ ഒന്നും മിശിഹാ നമ്മിൽ നിന്ന് എടുത്തുമാറ്റുകയില്ലെന്നുമാത്രമല്ല എല്ലാം ദൈവമഹത്വത്തി നായും, മനുഷ്യവംശത്തിന്റെ സന്തോഷത്തിനായും, ലോകത്തിന്റെ രക്ഷയ്ക്കായും, അവിടുന്ന് പൂർണ്ണതയിൽ എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈശോമിശിഹായു മായുള്ള ഈ കണ്ടുമുട്ടൽ, നമ്മുടെ ഹൃദയങ്ങളിൽ, ജീവനുള്ളതും ജീവദായകവുമായ അവന്റെ സാന്നിദ്ധ്യത്തിന്റെ സന്തോഷം അനുഭവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു".

ഗാർഹികസഭകൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന നമ്മുടെ കുടുംബങ്ങൾ വിശ്വാസ ത്തിന്റെയും ഉത്ഥാനത്തിന്റെയും സ്നേഹത്തിന്റെയും രക്ഷയുടെയും ജീവന്റെയും കരു ണയുടെയും ആകെത്തുകയായ ആനന്ദത്തിന്റെ സാക്ഷ്യകൂടാരങ്ങളായി രൂപപ്പെടണം. ഈശോയുടെ ഉത്ഥാനത്തിന്റെ ആദ്യസാക്ഷികളായ പരിശുദ്ധ അമ്മയ്ക്കും ശ്ലീഹൻമാർക്കും ലഭിച്ച അതേ ആനന്ദം ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയിലെ എല്ലാ വിശ്വാസികൾക്കും ലഭിക്കട്ടെയെന്ന് എന്റെ ഹൃദയാഭിലാഷം. ഇതിനായി ദൈവ ത്തിന്റെയും തിരുസഭയുടെയും അമ്മയായ കന്യകാമറിയവും വിശുദ്ധ ശ്ലീഹൻമാരും മാദ്ധ്യസ്ഥ്യം വഹിട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുന്നു.

"പറഞ്ഞറിയിക്കാൻ വയ്യാത്ത മാധുര്യമായ എന്റെ ഈശോയെ, ലൗകിക ആശ്വാസങ്ങ ളെല്ലാം എനിക്ക് കയ്പായി പകർത്തണമേ. നീതിസൂര്യനായ എന്റെ ഈശോയെ, നിന്റെ ദിവ്യകതിരിനാൽ എന്റെ ബോധത്തെ തെളിയിച്ച്, ബുദ്ധിയെ പ്രകാശിപ്പിച്ച്, ഹൃദയത്തെ ശുദ്ധീകരിച്ച് നിന്റെ നേർക്കുള്ള സ്നേഹത്താൽ എരിയിച്ച് എന്നെ നിന്നോട് ഒന്നിപ്പിക്ക ണമേ" എന്ന് എല്ലാ ദിവസവും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ അമലോത്ഭവയുടെ വിശുദ്ധ അൽഫോൻസാമ്മയോടു ചേർന്ന് നമുക്കും പ്രാത്ഥിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും

പരിശുദ്ധ റൂഹായുടെ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

പ്രസ്റ്റൺ, 25/03/2018

---

NB: ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെ ടുന്ന എല്ലാ സെന്ററുകളിലും 2018 ഏപ്രിൽ 29 ന് മുമ്പ് വായിക്കേണ്ടതാണ്.